<u>സാമൂഹ്യനീതിവകുപ്പ്ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>
<u>(ഹാജർ : ഷീബ ജോർജ്ജ് IAS)</u>

തിരുവനന്തപുരം

ഉത്തരവ് നം:ഇ 5-1810/2020. തീയതി: 09/07/2021

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - കോവിഡ്-19 -100% ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുന്നത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- G.O(Rt) No.500/2021/DMD തിയതി:06.07.2021.

കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തിന് പുതുക്കിയ മാർഗനിർദ്ദേശം നൽകി പരാമർശ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എ , ബി കാറ്റഗറിയിൽ വരുന്ന പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം 100% ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ബി കാറ്റഗറിയിൽ ഉൾപ്പെടുന്ന സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ പ്രവർത്തനം 100% ജീവനക്കാരെ ഉൾപ്പെടുത്തി 12.07.2021 മുതൽ പ്രവർത്തിപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വകുപ്പിന് കീഴലുള്ള കീഴ് കാര്യാലയങ്ങളുടെ പ്രവർത്തനം പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ക്രമീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യ നീതിവകുപ്പ ഡയറക്ടർ

എല്ലാ ജീവനക്കാർക്കും,എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

<u>പകർപ്പ് :</u>

1. ഡയറക്ടറുടെ സി.എ.
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്